പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

**തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ കൂടുതൽ പ്രവൃത്തികൾ**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3314 12.12.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി.കെ.ബഷീർ** | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | തൊഴിലുറപ്പ പദ്ധതിയിൻ കീഴിൽ ജൈവകൃഷി വ്യാപനം, നെൽകൃഷിയും അനുബന്ധ പ്രവൃത്തികളും, ജലസ്രോതസ്സ കളുടെയും മറ്റും വൃത്തിയാക്കൽ, മാലിന്യ നിർമ്മാർജ്ജനം, സംഘകൃഷി എന്നീ പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക 1, ഖണ്ഡിക 4(1) ൽ അനുശാസിച്ചിട്ടുള്ള പ്രവൃത്തികൾ മാത്രമേ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്നതിന് അനുവാദമുള്ളു. ഇതു പ്രകാരം, പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനഃദ്ധാരണം ഉൾപ്പെടെ പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികളും തൊഴിലുറപ്പ് നിയമത്തിലെ ഖണ്ഡിക 5 ൽ പ്രതിപാദിച്ചിട്ടുള്ള സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങളുടെ ഭൂമിയിൽ ഇടപെടൽ പൂർത്തിയായതിനുശേഷം, 2008 ലെ കാർഷിക കടാശ്വാസ പദ്ധതിയിൽ നിർവ്വചിച്ചിട്ടുള്ള പ്രകാരമുള്ള ചെറുകിട/ നാമമാത്ര കർഷകരുടെ ഭൂമിയിലും, ഭൂമിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പി ക്കുന്നതിനായി ഭൂവികസനം, ജലസേചന ത്തിനുള്ള അടിസ്ഥാന സൗകര്യമൊരുക്കൽ , പഴകൃഷി, പട്ടുനൂൽകൃഷി, തോട്ടവിളകൃഷി, ഫാം ഫോറസ്ട്രി, തരിശ്ഭൂമി/പാഴ്ഭൂമി കൃഷിയ്ക്ക് അനുയോജ്യമാക്കി മാറ്റൽ എന്നീ പ്രവൃത്തികളും സ്വയം സഹായസംഘ ങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യ മൊരുക്കുന്നതിന്റെ ഭാഗമായി കാർഷികോ ല്പന്നങ്ങളുടെ സംഭരണസൗകര്യം, ജൈവ വളം നിർമ്മാണം എന്നിവയ്ക്കാവശ്യമായ സ്ഥായിയായ അടിസ്ഥാന സൗകര്യ ങ്ങളൊരുക്കലും തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാൻ കഴിയും. എന്നാൽ, നെൽകൃഷി ഉൾപ്പെടെയുള്ള മറ്റു കൃഷിപ്പണികളിലെ ആവർത്തന സ്വഭാവമുള്ള പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്നത് നിരോധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | നെൽകൃഷിയുൾപ്പെടെയുള്ളവ തൊഴിലുറപ്പ് പദ്ധതിയിലെ അംഗീകൃത പ്രവൃത്തിയിനമായി ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്രസർക്കാരിന് സംസ്ഥാന സർക്കാർ നിവേദനം സമർപ്പിച്ചിട്ടുണ്ട്. അനുകൂല തീരുമാനം ലഭ്യമായിട്ടില്ല |

സെക്ഷൻ ഓഫീസർ